**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2055** **12-09-2023 - ൽ മറുപടിയ്ക്ക്**

**അരക്കുപറമ്പ് ക്ഷീരോല്പാദക സഹകരണ സംഘത്തിൽ നിന്നും ദിവസേന പാൽ സംഭരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ അരക്കുപറമ്പ് ഇബ്രാഹിംപടി ക്ഷീരോല്പാദക സഹകരണ സംഘത്തിൽ പാൽ സംഭരണം നടത്തി സൂക്ഷിക്കാനുള്ള സൗകര്യമില്ലാത്തതും ദിവസേന പാൽ സംഭരിക്കാൻ മിൽമ തയ്യാറാവാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിൽ അരക്കുപ്പറമ്പ് ഇബ്രാഹിംപടി ക്ഷീരോല്പാദക സഹകരണ സംഘത്തിന് മിൽമ മിൽക്ക് റൂട്ട് അനുവദിച്ചിട്ടില്ല. പ്രതിദിനം 100 ലിറ്ററോളം പാലാണ് സംഘം സംഭരിച്ചു വരുന്നത്. സംഘത്തിൽ മിൽമ ഒരു കോൾഡ് സ്റ്റോറേജ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. അഞ്ചോ, ആറോ നേരത്തെ പാൽ (ശരാശരി 3 ദിവസത്തെ പാൽ) കോൾഡ് സ്റ്റോറേജിൽ സംഭരിച്ച ശേഷം വാഹനത്തിൽ മിൽക്ക് റൂട്ടിലേയ്ക്ക് എത്തിക്കുകയാണ് ചെയ്തു വരുന്നത്. സംഘവും ബി.എം.സി-യും തമ്മിൽ 20 കിലോമീറ്ററോളം ദൂരത്തിലാണ്. കോൾഡ് സ്റ്റോറേജിൽ സംഭരിച്ച പാൽ സാധാരണ താപത്തിൽ ബി.എം.സി യിൽ എത്തുമ്പോഴേയ്ക്കും പാൽ കേടാകുന്ന സാധ്യതയും കൂടുതലാണ്. |
| (ബി) | പാൽ സംഭരണത്തിന് എത്തുന്ന വാഹനത്തിന്റെ വാടക സംഘത്തിൽ നിന്ന് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. മേഖലാ യൂണിയന്റെ പാൽ സംഭരണ റൂട്ടിൽ നിന്നും 13 കിലോമീറ്റർ ദൂരെയാണ് ഈ സംഘം സ്ഥിതി ചെയ്യുന്നത്. ഒരു നേരം 26 കിലോമീറ്റർ വാഹനം അധിക ദൂരം ഓടിയാൽ മാത്രമേ സംഘത്തിൽ നിന്നും പാൽ സംഭരണം നടത്താൻ കഴിയുകയുള്ളൂ. പ്രസ്തുത സംഘം മേഖലാ യൂണിയന് പ്രതിദിനം ശരാശരി 68 ലിറ്റർ പാൽ മാത്രമാണ് നൽകിവരുന്നത്. ഇത്രയും ദൂരം വാഹനം അധികമായി ഓടിച്ച് പാൽ സംഭരണം നടത്തുന്നത് മേഖലാ യൂണിയന് അധിക ബാദ്ധ്യത വരുത്തുന്നതാണ്.<br><br>പാൽ മിൽക്ക് റൂട്ടിലേക്കെത്തിക്കുന്നതിന് ഒരു ദിവസം (5-6 നേരത്തെ പാൽ കോൾഡ് സ്റ്റോറേജിൽ സംഭരിച്ചത്) 550/- രൂപ ചെലവ് വരുന്നുണ്ട്. മാസത്തിൽ 8500/- രൂപയോളം ഈ ഇനത്തിൽ സംഘത്തിന് ചെലവ് വരുന്നു. |
| (സി) | പ്രസ്തുത സംഘത്തിൽ നിന്ന് വാഹന വാടക ഈടാക്കാതെ ദിവസേന പാൽ സംഭരിക്കാൻ നടപടി | (സി) | ഒരു പരിധി വരെ ഈ നഷ്ടം നികത്തുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പിന്റെ അസിസ്റ്റൻസ് ടു |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ? | | ഡി.സി.എസ് എന്ന പദ്ധതിയിലെ ഘടക പദ്ധതിയായ ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ് ടു മിൽക്ക് റൂട്ട് എന്ന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സംഘത്തിന് 24,500/- രൂപ അനുവദിച്ചിട്ടുണ്ട്. 04/09/2022 നാണ് ടി സംഘം പ്രവർത്തനം ആരംഭിച്ചത്. ഒരു മാസം ടി പദ്ധതി പ്രകാരം അനുവദിക്കാവുന്ന പരമാവധി തുകയായ 3,500/- രൂപ പ്രവർത്തനം ആരംഭിച്ച ശേഷം 7 മാസവും നൽകിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തിലും ടി പദ്ധതി പ്രകാരം സബ്സിഡിക്കായി സംഘം ക്ഷീരവികസന ഓഫീസർ മുഖാന്തിരം ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ പരമാവധി സബ്സിഡി തുകയായ 35,000/- രൂപ ഈ സാമ്പത്തിക വർഷത്തിലും അനുവദിക്കാവുന്നതാണ്.<br><br>പാൽ സംഭരണം വർദ്ധിയ്ക്കുന്ന മുറയ്ക്ക് മിൽമയുടെ പാൽ സംഭരണ വാഹനം സംഘത്തിൽ എത്തി പാൽ സംഭരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ